കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താനാളൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

കെ.എസ്.എ.എം.പി.എം22/631 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

തീയതി 13-05-2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് ),
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനാളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : താനാളൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4)കാര്യാലയ പകർപ്പ്.

എം.എ്.5/2020

കെ.എസ്.എ.എം.പി.എം.22/631/2020 തിയ്യതി:13-05-2020

## മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.12.2018 മുതൽ 07.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 01 എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്.ആർ, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 09.03.2020 മുതൽ 20.03.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ബിജേഷ്.എ.എസ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| (1) ശ്രീ.വി അബ്ദുറസാഖ് | 01.04.2017മുതൽ30.04.2018വരെ |
| (2) ശ്രീമതി. കെ.എം മല്ലിക, വൈസ് പ്രസിഡന്റ് | 01.05.2018മുതൽ27.05.2018വരെ |

| | |
|---|---|
| (പ്രസിഡന്റ് ഇൻ ചാർജ്ജ്) | |
| (3)ശ്രീ. എൻ മുജീബ് ഹാജി | 28.05.2018മുതൽ31.03.2019വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. രമണി .എം | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബൈജു ബി | 01.04.2018മുതൽ31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. മഹേഷ്. ഒ | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഗായത്രി കെ.വി | 01.04.18 മുതൽ 31.03.19വരെ |
| കൃഷി ഓഫീസർ | ശ്രീമതി ലക്ഷ്മി എസ്.എൽ | 01.04.18 മുതൽ 12.10.2018വരെ |
| | ശ്രീമതി ആര്യ വി.സി | 13.10.2018മുതൽ31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ. കാർത്തികേയൻ | 01.04.18 മുതൽ 16.11.2018വരെ |
| | ഡോ. ലുക്മാൻ | 17.11.2018മുതൽ31.03.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പുഷ്പ. ഇ | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജോർജ്ജ്കുട്ടി ജോസഫ് | 01.04.18 മുതൽ 31.05.2018വരെ |
| | ശ്രീമതി അജിതനാഥ് എസ് | 01.06.2018മുതൽ31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശ്രുതി കെ.ടി | 01.04.18 മുതൽ 30.09.2018വരെ |
| | ഡോ. കൃഷ്ണപ്രസാദ് ടി | 01.10.2018 മുതൽ 29.03.2019 വരെ |
| | ഡോ. ശ്രുതി കെ.ടി | 30.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഫാത്തിമത്ത് താഹിറ. ഒ.കെ | 01.04.18 മുതൽ 31.03.19വരെ |

# ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | 'നിലം' ഭൂമിയിലെ കെട്ടിട നിർമ്മാണങ്ങൾ അനുവദിച്ചത് സംബന്ധിച്ച് | 1-12 |
| 13 | വസ്തു നികുതി കുറവായി ഈടാക്കി | 1-13 |
| 14 | ഉടമസ്ഥാവകാശം നൽകാൻ കാലതാമസം - വസ്തു നികുതി ഇനത്തിൽ നഷ്ടം | 1-14 |
| 15 | പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഓഡിറ്റോറിയം സംബന്ധിച്ച് | 1-15 |
| 16 | ഡി & ഒ/ഫാക്ടറിയോസ് ലൈസൻസ് പരിശോധന - അപാകതകൾ | 1-16 |
| 17 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-17 |
| 18 | മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-18 |
| 19 | സ്നേഹ മരുന്ന വാങ്ങൽ പദ്ധതി:അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 20 | GST ബിൽ ഹാജരാക്കിയില്ല | 1-20 |
| 21 | സംയുക്ത പ്രൊജക്ടുകൾക്കുള്ള ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - മാർഗ്ഗരേഖ പാലിക്കുന്നില്ല | 1-21 |
| 22 | പി.എച്ച്.സിയിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ;പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 23 | പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല | 1-23 |
| 24 | വികസനഫണ്ട് വിനിയോഗം സംബന്ധിച്ച് | 1-24 |

| | | |
|---|---|---|
| 25 | ഒരു പ്രവൃത്തിക്കുതന്നെ രണ്ട് തവണ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് | 1-25 |
| 26 | വിനിയോഗ സാക്ഷ്യപത്രം /രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 27 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ | 1-27 |
| 28 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. | 1-29 |
| 30 | കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-30 |
| 31 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ റേറ്റ് നൽകി | 1-31 |
| 32 | കുണ്ടുങ്ങൽ മൈത്രി കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-32 |
| 33 | നികുതി തുകകൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തു. ഗുണഭോക്തൃ സമിതി കൺ വീനർക്ക് അധിക തുക നൽകി | 1-33 |
| 34 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ് | 1-34 |
| 35 | എയ്ഡഡ് സ്കൂളുകളിൽ ശൌചാലയ നിർമ്മാണം- സർക്കാർ സ്കൂളുകളിൽ സൌകര്യം ഉറപ്പാക്കിയിട്ടില്ല. | 1-35 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| ഇല്ല | | |
| | ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 36 | നികുതി തുകകൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തു. ഗുണഭോക്തൃ സമിതി കൺ വീനർക്ക് അധിക തുക നൽകി | 3-1 |
| 37 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ റേറ്റ് നൽകി | 3-2 |
| | ഭാഗം 4 | |
| 38 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 39 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 42 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 46 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| | | |

| | | |
|---|---|---|
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 49 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 50 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 51 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 52 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 09.03.2018 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.02.2019 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 04.04.2019 | - | |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,13,74,061 |
| വരവ് | 8,76,97,633 |
| ആകെ | 13,90,71,694 |
| ചെലവ് | 9,53,73,481 |
| നീക്കിയിരുപ്പ് | 4,36,98,213 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,85,64,469 | 1,85,64,469 | 1,37,40,938 | 48,23,531 |
| വികസനഫണ്ട് എസ്.സി.പി. | 0 | 27,01,067 | 27,01,067 | 16,13,134 | 10,87,933 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 71,04,214 | 71,04,214 | 39,44,428 | 31,59,786 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 49,14,000 | 49,14,000 | 49,14,,000 | -- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 86,12,976 | 86,12,976 | 63,70,952 | 22,42,024 |
| സാക്ഷരത | 97,711 | 3,967 | 1,01,678 | 51,600 | 50,078 |

| | | | | | |
|---|---|---|---|---|---|
| KGB അംഗനവാടി ന്യൂട്രീഷ്യൻ | 6,73,511 | 27,346 | 7,00,857 | 6,98,857 | 2,000 |
| SMGB ടോട്ടൽ സാനിറ്റേഷൻ | 19,07,758 | 14,54,381 | 33,62,139 | 5,31,087 | 28,31,052 |
| SBT പൈക്ക | 5,66,228 | 1,67,848 | 7,34,076 | 1,47,769 | 5,86,307 |
| SBT Sanchaya e-payment | 2,85,094 | 65,84,537 | 68,69,631 | 64,23,919 | 4,45,712 |
| ജലനിധി | 5,34,389 | 21,376 | 5,55,765 | 60 | 5,55,705 |
| എൻ. ആർ. ഇ. ജി.എസ്. | 38,390 | 5,49,944 | 5,88,334 | 5,75,511 | 12,823 |
| | -- | 1,09,17,838 | 1,09,17,838 | 1,09,17,838 | -- |
| ജോയന്റ്വെഞ്ചർ അക്കൗണ്ട് — ബ്ലോക്ക് പഞ്ചായത്ത് | 13,83,272 | 40,70,000 | 54,53,272 | 40,54,400 | 13,98,872 |
| ജോയന്റ്വെഞ്ചർ അക്കൗണ്ട് — ജില്ലാപഞ്ചായത്ത് | 1,03,900 | 16,31,490 | 17,35,390 | 16,31,490 | 1,03,900 |
| KGB Own fund | 43,18,290 | 1,52,04,256 | 1,95,22,546 | 1,12,95,402 | 82,27,144 |
| Treasury TSB | 3,86,71,100 | 1,86,48,157 | 5,73,19,257 | 2,69,11,520 | 3,04,07,737 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 13,77,13,017 | 168 | 7,32,69,437 | ഇല്ല | 74 | 70 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38,390 | 5,49,944 | 5,88,334 | 5,75,511 | 12,823 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | -- | 1,09,17,838 | 1,09,17,838 | 1,09,17,838 | -- |
| ആകെ | 38,390 | 1,17,29,035 | 1,17,67,425 | 1,17,54,602 | 12,823 |

# 1-7 ക്ഷേമപദ്ധതികൾ

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 23,040 | 24 |
| കർഷകതൊഴിലാളിപെൻഷൻ | 26,88,400 | 205 |
| വിധവാപെൻഷൻ | 2,19,99,300 | 1,741 |
| വാർദ്ധക്യകാലപെൻഷൻ | 3,12,29,100 | 2,464 |
| വികലാംഗപെൻഷൻ | 6,42,43,700 | 480 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 5,45,600 | 47 |
| വിവാഹ ധനസഹായം | 4,80,000 | 16 |

# 1-8 ആഭ്യന്തരനിയന്ത്രണം

താനാളൂർ ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

1. നികുതി-നികുതിയേതര വരുമാനങ്ങളെ സംബന്ധിച്ചുള്ള രജിസ്റ്ററുകളിൽ – ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ഡി&ഒ രജിസ്റ്റർ എന്നിവ – ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.
2. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇത് ഒരേയിനം സാധനങ്ങൾക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുന്നതിന് കാരണമാകുകയും ഗ്രാമപഞ്ചായത്തിന് അധികം തുക നൽകുന്നതിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്.
3. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡികകളിൽ പ്രത്യേകമായി ചേർത്തിട്ടുണ്ട്.
4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.
5. ആസ്തി രജിസ്റ്റർ കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

(ഇ) സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

എഫ്) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 40,902/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2020 | 01.01.2020-31.01.2020 | 13-02-2020 |
| എ.ജി ഓഡിറ്റ് | 30.07.2010 മുതൽ 12.08.2010 വരെ | 2004-05 to 2009-10 | 24.09.2010 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. 2017-18 വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള താഴെ പറയുന്ന നീക്കിയിരിപ്പ് തുകകൾ തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരം | തൻവർഷ ട്രയൽ ബാലൻസ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| KGB ownfund | 4318240 | 4318290 | 50 |
| KGB Anganavadi | 673711 | 673511 | 200 |

വാർഷികകണക്കുകളുടെ ഓഡിറ്റിനുശേഷം മുൻവർഷകണക്കുകളിൽ മാറ്റം വരുത്തിയിട്ടുണ്ട് എന്ന് ഇതിൽനിന്നും വ്യക്തമാവുന്നു.

2. 2017-18വർഷത്തിലെ എ.എഫ്.എസ് പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് (ബി. 18) 7,000/- രൂപയാണ് അവശേഷിക്കുന്നത്. എന്നാൽ ഈയിനത്തിൽ 2018-19 വർഷത്തിൽ 22,000/- രൂപയാണ്. ഈയിനത്തിൽ 2018-19 വർഷത്തിൽ കിട്ടാനുള്ള തുക 12,000/- രൂപ മാത്രമാണ്. 3,000/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ആസ്തിയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

4. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി തിട്ടപ്പെടുത്തുകയോ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

5. ബി.12 ഷെഡ്യൂളിലെ ഇൻവെസ്റ്റുമെന്റുകൾ ഫിസിക്കൽ പരിശോധനക്ക് വിധേയമാക്കിയതിൽ മലപ്പുറം ജില്ലാപഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 358/05.07.2001 നമ്പറിലുള്ള 100/- രൂപയുടെ 50 ഓഹരികളുടെ വിലയായ 5,000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പഞ്ചായത്തിന്റെ പേരിലുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ ടി തുക എ.എഫ്.എസിൽ കാലാകാലമായി ഉൾപ്പെടുത്തിവരുന്നില്ല.

6. കാഷ് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചുവരുന്നുണ്ട്. എന്നാൽ 11/2018 മുതലുള്ളവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

# 1-12 'നിലം' ഭൂമിയിലെ കെട്ടിട നിർമ്മാണങ്ങൾ അനുവദിച്ചത് സംബന്ധിച്ച്

1. ഫയൽ നം. 653/18 (2018-19 പെർമിറ്റ് രജിസ്റ്ററിലെ ക്രമ നം. 2) പ്രകാരം 751.61 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കാൻ 19.03.2018 തീയ്യതിയിൽ പെർമിറ്റ് നൽകിയിരുന്നു. വില്ലേജ് ഓഫീസിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം ഭൂമിയുടെ തരം (സർവ്വെ നം. 144/3, 144/3-2, 144/3-5, വിസ്തീർണ്ണം 12.07 ആർ) നിലം (Wet) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തുകയും എന്നാൽ ഡാറ്റാ ബാങ്കിൽ (12.08.2008-ന് നിലവിൽ വന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം) ഉൾപ്പെടാത്തതുമായ ഭൂമിയിൽ മുമ്പ് നിയമാനുസൃത കെട്ടിടങ്ങൾ ഉണ്ടെങ്കിൽ, അവിടെ പുതിയ കെട്ടിടങ്ങൾ നിർമിക്കുന്നതിന് അനുമതി നൽകാം എന്ന് നം.1858832/ആർ.എ1/2017/തസ്വഭവ സർക്കുലറിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മേൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുകയാണ് ചെയ്തിട്ടുള്ളത്.

എന്നാൽ 31.12.2017-മുതൽ പ്രാബല്യത്തിൽ വന്ന 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രകാരം മേൽപറഞ്ഞ നടപടിക്രമം/സർക്കുലർ അസാധുവാകുകയും, ഈ തരത്തിൽപെട്ട ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തി അനുമതി നൽകാനുള്ള അധികാരം ആർ.ഡി.ഒ-ൽ നിക്ഷിപ്തമാക്കുകയും ചെയ്തു. അസാധുവായ സർക്കുലറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഫയൽ നം. 1365/17 പ്രകാരം ഗാർഹിക ആവശ്യത്തിനുള്ള കെട്ടിടത്തിന് (167.19 ചതുരശ്രമീറ്റർ തറവിസ്തീർണ്ണം) 01.06.2018 തീയ്യതിയിൽ പെർമിറ്റ് നൽകിയിരുന്നു. പെർമിറ്റ് അപേക്ഷയിൽ ഭൂമിയുടെ തരം (സർവ്വെ നം. 239/3-2, വിസ്തീർണ്ണം 5.26 ആർ) നിലം (Wet) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27A പ്രകാരം റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തുകയും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയുടെ (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി) തരം മാറ്റുന്നതിനായി ആർ.ഡി.ഒ-ക്ക് അപേക്ഷ നൽകേണ്ടതാണ്. ആർ.ഡി.ഒ-യുടെ അനുമതി ലഭിച്ച് നിശ്ചിത തുക സർക്കാറിലേക്ക് അടവാക്കിയതിന് ശേഷമാണ് കെട്ടിടത്തിന് പെർമിറ്റ് നൽകേണ്ടത്. എന്നാൽ ഈ നടപടിക്രമം പാലിക്കാതെയാണ് കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 02/16.03.2020-ന് മറുപടി ലഭിച്ചിട്ടില്ല

# 1-13 വസ്തു നികുതി കുറവായി ഈടാക്കി

17-ാം വാർഡിൽ 17/163A മുതൽ 17/163X വരെ നമ്പറുകളിൽ റൂമുകളുള്ള ബഹുനില കെട്ടിടത്തിൽ 100 ചതുരശ്രമീറ്ററിൽ കുടുതൽ തറവിസ്തീർണ്ണമുള്ള റൂമുകളെയും '100 ചതുരശ്രമീറ്ററിൽ താഴെയുള്ള വാണിജ്യകെട്ടിടം' എന്ന ഉപയോഗക്രമത്തിൽ പെടുത്തി വസ്തു നികുതി കുറവായാണ് (ചതുരശ്രമീറ്ററിന് 40/- രൂപ നിരക്കിൽ) നിർണ്ണയിച്ചിട്ടുള്ളത്. റൂമിന്റെ യഥാർത്ഥ ഉപയോഗക്രമം '100 ചതുരശ്രമീറ്ററിൽ

കൂടുതലുള്ള വാണിജ്യകെട്ടിടം' എന്നതും അടിസ്ഥാന വസ്തു നികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപ എന്നതുമാകുന്നു. റൂമുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്റർ) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 40/- രൂപ നിരക്കിൽ) | യഥാർത്ഥ വസ്തു നികുതി (ച.മീറ്ററിന് 60/- രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 17/163B | 110.4 | 4416 | 6624 | 2208 |
| 17/163K | 199 | 7960 | 11940 | 3980 |
| 17/163Q | 270 | 10800 | 16200 | 5400 |
| 17/163R | 134 | 5360 | 8040 | 2680 |
| 17/163S | 150 | 6000 | 9000 | 3000 |
| 17/163T | 250 | 10000 | 15000 | 5000 |
| 17/163U | 125 | 5000 | 7500 | 2500 |
| 17/163W | 105 | 4200 | 6300 | 2100 |
| | | | ആകെ | 26,868 |

2014-15 വർഷം നിലവിൽ വന്ന കെട്ടിടത്തിന് കുറഞ്ഞ നിരക്കുകളിലാണ് കെട്ടിട നികുതി നിർണ്ണയിച്ചിട്ടുള്ളതും ഈടാക്കി വരുന്നതും. മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ അടിസ്ഥാന വസ്തു നികുതിയിൽ 26,868/- രൂപയുടെ കുറവാണ് ഓരോ വർഷവും വന്ന് കൊണ്ടിരിക്കുന്നത്. കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക തുക (ലൈബ്രറി സെസ് സഹിതം) പഞ്ചായത്തിലേക്ക് അടവാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 03/16.03.2020-ന് മറുപടി ലഭിച്ചിട്ടില്ല

## 1-14 ഉടമസ്ഥാവകാശം നൽകാൻ കാലതാമസം - വസ്തു നികുതി ഇനത്തിൽ നഷ്ടം

നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് യഥാസമയം ഒക്യുപെൻസി നൽകാത്തത് മൂലം, കെട്ടിട-നിർമ്മാണം പൂർത്തിയായ അർദ്ധവർഷം മുതൽ നികുതി ഈടാക്കാനാകാതെ വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നം. | അപേക്ഷ സമർപ്പിച്ച തീയതി | കെട്ടിട നം. നൽകിയ തീയ്യതി | കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി |
|---|---|---|---|
| 5/405B | 31.01.17 | 24.04.18 | 918 |
| 23/378A | 25.05.17 | 26.04.18 | 926 |
| 12/690D,E | 14.08.17 | 25.05.18 | 2406 |
| 5/300A | 16.03.16 | 31.05.18 | 1148 |
| 11/271A | 25.07.17 | 06.06.18 | 1137 |
| 22/362A-H | 12.01.17 | 29.06.18 | 8193 |

പൂർത്തീകരിച്ച നിർമ്മാണങ്ങൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമാണെങ്കിൽ, ചട്ടം 25(3) പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് 15 ദിവസങ്ങൾക്കകം സെക്രട്ടറി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ കെട്ടിട നിർമ്മാണം പൂർത്തിയായി നമ്പറിനായി നൽകുന്ന അപേക്ഷകളിൽ നടപടികളെടുക്കാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച വേളയിൽ തന്നെ കെട്ടിടങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിൽ, ആ അർദ്ധവർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 24 പ്രകരം നിർമ്മാണം പൂർത്തീകരിച്ചത്, കെട്ടിടം ഉപയോഗപ്പെടുത്തിയത് ഏതാണോ ആദ്യം സംഭവിക്കുന്നത് അത് മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ് എന്ന നിർദേശം പാലിച്ചിട്ടില്ല എന്ന് കാണുന്നു.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 04/16.03.2020-ന് മറുപടി ലഭിച്ചിട്ടില്ല

## 1-15 പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഓഡിറ്റോറിയം സംബന്ധിച്ച്

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 17/6 B നമ്പറിലുള്ള ഓഡിറ്റോറിയം കെട്ടിടത്തിന് (ഗണം D) നമ്പർ നൽകിയതിന് ശേഷം കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടെന്ന് ഫയൽ നം. 5518/2018 പ്രകാരം പരാതി ലഭിച്ചിരുന്നു. 500 ചതുരശ്ര മീറ്ററിന് മാത്രം നിർമ്മാണ അനുമതി നൽകിയ ഈ കെട്ടിടത്തോട് ചേർന്ന് 286/14, 15 സർവ്വെ നമ്പറിൽ അധിക നിർമ്മാണങ്ങൾ നടത്തുകയും നിലവിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 1573 ചതുരശ്രമീറ്റർ ആണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല കെട്ടിടത്തിന്റെ സെറ്റ്-ബാക്ക്, മുറികളുടെ ഉയരം, തറവിസ്തീർണ്ണാനുപാതം എന്നിവ കുറവാണെന്നും അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് 18.03.2020-ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു:

1. കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അതിർത്തിയോട് ചേർന്ന് അധിക നിർമ്മാണം നടത്തിയിട്ടുണ്ട്. ഇതുകാരണം കെട്ടിടത്തിന് ആവശ്യമായ സെറ്റ്-ബാക്ക് ഇല്ല.

2. അംഗീകരിച്ച പ്ലാനിലെ ഒന്നാം നിലക്കും രണ്ടാം നിലക്കും ഇടക്ക് സ്റ്റീൽ ബീം നൽകി ഒരു നില കൂടി നിർമ്മിച്ചിട്ടുണ്ട്. അനധികൃതമായി നിർമ്മിച്ച ഈ നിലയിലെ ഹാളിന്റെ ഉയരം 3 മീറ്ററിലും കുറവാണ്. ഹാൾ കെട്ടിടങ്ങൾക്ക് കുറഞ്ഞത് 4 മീറ്റർ ഉയരം വേണ്ടതാണ്.

3. കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരിക്കുന്ന പ്ലോട്ട് ഏരിയയോട് ചേർന്ന് അടുക്കള ഭാഗം നിർമ്മിക്കുകയും ഈ അധിക ഏരിയ ഷീറ്റിട്ട് മറച്ചിട്ടുമുണ്ട്.

4. കെട്ടിടത്തിന്റെ അധിക നിർമ്മാണങ്ങൾക്ക് അനുസൃതമായി FIRE NOC നേടിയിട്ടില്ല.

5. അധിക നിർമ്മാണങ്ങൾ കാരണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം, കവറേജ്, കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിംഗ് എന്നിവയിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളയാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 235W(3) വകുപ്പ് പ്രകാരം 01.11.18-ന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ തുടർനടപടികളൊന്നും എടുത്തതായി കാണുന്നില്ല. കെട്ടിട ഉടമയിൽ നിന്നും ഒരു തുടർനടപടിയും ഇല്ലാത്ത പക്ഷം കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്ന ഈ നിർമ്മാണത്തിന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും)

ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം യു.എ നമ്പർ നൽകേണ്ടതും ഇതു സംബന്ധിച്ച പഞ്ചായത്തിന്റെ യു.എ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

കെട്ടിടത്തിന്റെ നിലവിലുള്ള തറവിസ്തീർണ്ണം കണക്കാക്കി നികുതി നിശ്ചയിക്കേണ്ടതും, അതിന്റെ മൂന്നിരട്ടി, അനധികൃത നിർമ്മാണത്തോടെ കെട്ടിടം പ്രവർത്തനം തുടങ്ങിയ അർദ്ധ വർഷം മുതൽ കെട്ടിട ഉടമയിൽ നിന്നും വസ്തു നികുതിയായും ഈടാക്കേണ്ടതാണ് (1994-ലെ കേരള പപഞ്ചായത്ത് രാജ് ആക്ടിലെ 235AA വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 20(3) എന്നിവ പ്രകാരം). മേൽപറഞ്ഞ പ്രകാരം വസ്തു നികുതി ചുമത്തുന്നതു മൂലം കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കുന്നതല്ല എന്നും അനധികൃത നിർമ്മാണം പൊളിച്ച് മാറ്റി കെട്ടിടം ക്രമവത്കരിക്കുന്നത് വരെ ഇപ്രകാരം നികുതി നൽകുവാനും കെട്ടിട ഉടമ ബാധ്യസ്ഥനാണ്.

വളരെ ഗുരുതരമായ ചട്ടലംഘനങ്ങളോടെ പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിനെതിരെ പരാതികളുണ്ടായിട്ടും പഞ്ചായത്ത് നടപടിയെടുക്കാതിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 05/16.03.2020-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-16 ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഡി & ഒ ലൈസൻസ്/ഫാക്ടിയോസ് ലൈസൻസ് നൽകിയതിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു

| | |
|---|---|
| 2017-18 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 618 |
| 2018-19 വർഷത്തിൽ ലഭിച്ച ലൈസൻസ് അപേക്ഷകൾ | 642 |
| 2018-19 വർഷത്തിൽ നൽകിയ ലൈസൻസുകൾ | 530 |
| 01.04.2018 മുമ്പ് പുതുക്കി നൽകിയ ലൈസൻസുകൾ | 30 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. മുൻവർഷങ്ങളിൽ ലൈസൻസ് നേടിയ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല

മേൽ പട്ടിക പ്രകാരം 2017-18 വർഷത്തിൽ ആകെ 618 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും, 2018-19 വർഷത്തിൽ 530 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ആകെ ലഭിച്ച 642 അപേക്ഷകളിൽ 112 അപേക്ഷകൾ തീർപ്പാക്കിയിരുന്നില്ല. ഇതിനർത്ഥം പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കി നേടുന്നില്ല എന്നതാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1-ൽ വരുന്ന പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് നേടേണ്ടതും യഥാസമയം പുതുക്കേണ്ടതുമാണ്.

2. ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി & ഒ/ ഫാക്ടിയോസ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ

ഗ്രാമപഞ്ചായത്ത് ഡി&ഒ രജിസ്റ്റർ പ്രകാരം 30 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്. മാത്രമല്ല ലൈസൻസ് നൽകുന്ന നടപടിക്രമങ്ങൾക്ക് വളരെയധികം കാലതാമസം നേരിടുന്നുമുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ഡി&ഒ ക്രമ നം. | സ്ഥാപനത്തിന്റെ തരം | അപേക്ഷ നൽകിയ തീയ്യതി | ലൈസൻസ് നൽകിയ തീയ്യതി |
|---|---|---|---|
| 498 | ഇലക്ട്രോണിക്സ് വിൽപന | 15.03.18 | 07.02.19 |
| 504 | പലചരക്ക് സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് | 02.05.18 | 25.02.19 |
| 505 | പലചരക്ക് കട | 02.05.18 | 28.02.19 |
| 509 | വാഹന വിൽപന | 27.02.18 | 28.02.19 |
| 510 | വീട്ടുപകരണങ്ങൾ വിൽപന | 28.03.18 | 28.02.19 |

3. വൈകി നൽകുന്ന അപേക്ഷകരിൽ നിന്നും പിഴ ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം വൈകി സമർപ്പിക്കുന്ന (28.02.2018-ന് ശേഷം) അപേക്ഷകൾക്ക് 25% അധിക ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ വൈകി നൽകിയ എല്ലാ അപേക്ഷകളുടെയും മേൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ഡി&ഒ ക്രമ നം. | സ്ഥാപനത്തിന്റെ തരം | അപേക്ഷ നൽകിയ തീയ്യതി | ലൈസൻസ് തുക | പിഴ തുക (ഈടാക്കേണ്ടിയിരുന്നത്) |
|---|---|---|---|---|
| 212 | ഡി.ടി.പി സെന്റർ | 22.05.18 | 200 | 50 |
| 284 | ഡീലക്സ് മാർബിൾ & ഗ്രാനൈറ്റ്സ് | 04.06.18 | 500 | 125 |
| 376 | വർക്ക് ഷോപ്പ് | 13.07.18 | 500 | 125 |
| 400 | എഞ്ചിൻ ഓയിൽ വിൽപന | 17.07.18 | 300 | 75 |
| 460 | പി. വി. ഇലക്ട്രോണിക്സ് | 26.07.18 | 300 | 75 |

4. പുതിയതായി നൽകുന്ന ലൈസൻസുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല

സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് നൽകുമ്പോൾ ആ വസ്തുത വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2018-19 ലെ ഡി & ഒ രജിസ്റ്ററിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടില്ല. ഇതു കാരണം ലൈസൻസ് പുതിയതായി അനുവദിച്ചതാണോ അല്ലെങ്കിൽ പുതുക്കി നൽകിയതാണോ എന്ന് തിരിച്ചറിയാനാകാത്ത സാഹചര്യമുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/18.03.2020-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-17 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ്, 1996-ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടക്കേണ്ടതാണ്. എന്നാൽ 2018-19-ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ കാണുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി (സ്ഥാപനം) അടച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കുറിപ്പ് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, താനാളൂർ | 2018-19 I & II അർദ്ധവർഷം |
| 2 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോ | 2018-19 I & II അർദ്ധവർഷം |
| 3 | ക്രൗൺ ഓഡിറ്റോറിയം | 2018-19 I & II അർദ്ധവർഷം |
| 4 | കെ. എം ഓഡിറ്റോറിയം | 2018-19 I & II അർദ്ധവർഷം |
| 5 | കൽപക ഓഡിറ്റോറിയം | 2018-19 I & II അർദ്ധവർഷം |
| 6 | അറേബ്യൻ ഓഡിറ്റോറിയം | 2018-19 I അർദ്ധവർഷം |
| 7 | നെല്ലിക്കൽ ഓഡിറ്റോറിയം | 2018-19 I & II അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/18.03.2020-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-18 മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ മുഴവൻ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ, പേര് | മരുന്നിനായി നല്കിയ തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ശേഷിക്കുന്നത് | ബിൽ/ ചെക്ക് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1 | പരിരക്ഷ (34/18-19) | 1,00,000 | 78996 | ചെക്ക് നമ്പർ 2963919തി 11.2.2019 (തനതു ഫണ്ട്) |
| 2 | പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ 33/18-19 | 2,00,000 | 3268 | ബിൽ നം. 5/2018-19/16-01-2019 |
| 3 | സ്നേഹ മരുന്നു വാങ്ങൽ 38/18-19 | 400000 | 50622 | 4/2018-19 തി /16-01-2019 |

| | | | | |
|---|---|---|---|---|
| | ആകെ | | 132886 | |

ലഭ്യമാകാൻ ശേഷിക്കുന്ന 132886 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുക താത്കാലികമായി തടസത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 02/16.03.2020 നു മറുപടി ലഭ്യമായിട്ടില്ല.)

# 1-19 സ്നേഹ മരുന്നു വാങ്ങൽ പദ്ധതി:അംഗീകാരം ലഭ്യമാക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ മാറാ രോഗികൾക്കയുള്ള "സ്നേഹ മരുന്നു വാങ്ങൽ" (പ്രൊജക്ട് നം. 38/18-19) പദ്ധതിയിൽ, മരുന്നുകൾ വാങ്ങുന്നതിനായി 4,00,000(ബിൽ നം. 4/18-19തി 16.1.2019) രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. 2018-19 ൽ മേൽ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ ആകെ ഗുണഭോക്താക്കളുടെ എണ്ണം,രോഗികളെ തെരെഞ്ഞെടുക്കുന്ന രീതി,രോഗ വിവരങ്ങൾ,രോഗികൾക്ക് ആവശ്യമായ മരുന്നുകൾ നിശ്ചയിക്കുന്ന രീതി, ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തീരുമാന നമ്പർ/വിവരം എന്നിവ സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

"പരിരക്ഷ"(പ്രൊജക്ട് നം. 34/2018-19), "പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ"(പ്രൊജക്ട് നം. 33/18-19), തുടങ്ങിയ പദ്ധതികൾ നിലവിലുണ്ടായിരിക്കെ, മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇത്തരം മരുന്ന് വാങ്ങൽ പദ്ധതി പ്രത്യേകമായി നടപ്പിലാക്കുന്നതിന്റെ പ്രസക്തി,ലക്ഷ്യം, ആയതിനു ആധാരമാക്കിയ സർക്കാർ അനുമതി രേഖകൾ എന്നിവയും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നറിയിച്ച നല്കിയ ഓഡിറ്റ് എൻക്വയറി (നമ്പർ 01/12.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷ റിപ്പോർട്ടിൽ നിർദേശിക്കപ്പെട്ടിട്ടും മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവിനു സർക്കാറിൽ നിന്നും സാധൂകരണം തേടേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണയിച്ച തുടർ നടപടി സ്വീകരിക്കുന്നതാണ്. 4,00000 രൂപ തടസത്തിൽ വെക്കുന്നു.

# 1-20 GST ബിൽ ഹാജരാക്കിയില്ല

പഞ്ചായത്തിലെ വിവിധ പ്രിന്റിംങ് ജോലികൾക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ക്രിയേറ്റീവ് മീഡിയ എന്ന സ്ഥാപനത്തിന് തുക നല്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ബില്ലുകളൊന്നും തന്നെ ജി.എസ്.ടി. രജിസ്ട്രേഷൻ ബില്ലുകൾ ഇല്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | ഇനം |
|---|---|---|---|
| 1 | 21800085/26.04.18 | 17,480 | ജന്റർ ഫ്രണ്ടിലി പഞ്ചായത്ത് നയരേഖ അച്ചടിച്ചത് |
| 2 | 21800090/02.05.18 | 34,590 | പദ്ധതിരേഖ |
| 3 | 21800091/02.05.18 | 16,200 | പദ്ധതിരേഖ |
| 4 | 21800262/02.07.18 | 8,000 | വിവിധ ലെറ്റർപാഡുകൾ |
| 5 | 21800359/02.08.18 | 1,500 | വനിതാകമ്മീഷനുമായി ചേർന്ന് നടത്തിയ സെമിനാറിന് നോട്ടീസ് |
| 6 | 21800382/13.08.18 | 8,280 | ഗ്രാമസഭാ നോട്ടീസ് |
| 7 | 21800389/17.08.18 | 20,912 | 2017-18വർഷത്തെ അരിയർ ഡിമാന്റ് |

| | | | |
|---|---|---|---|
| | | | നോട്ടീസ് |
| 8 | 21800450/06.09.18 | 9,600 | വാർഷിക ബജറ്റ്, വാർഷിക ബജറ്റ് (കരട്), റിവൈസ്ഡ് ബജറ്റ് |
| 9 | 21800496/08.10.18 | 7,800 | വേസ്റ്റ് മാനേജ്മെന്റ് റൂൾ സംബന്ധിച്ച് നോട്ടീസ് |
| 10 | 21800574/03.11.18 | 12,150 | വിവിധ നോട്ടീസുകൾ |
| 11 | 21800595/12.11.18 | 5,200 | നികുതി പിരിവ് നോട്ടീസ് |
| 12 | 21800638/30.11.18 | 16,470 | കരട് പദ്ധതി രേഖ |
| 13 | 21800685/29.12.18 | 21,750 | പൗരാവകാശ രേഖ |
| 14 | 21800784/30.01.19 | 21,980 | ഗ്രാമസഭ നോട്ടീസ്, അന്തിമപദ്ധതി രേഖ |
| 15 | 21801038/15.03.19 | 29,400 | 2019-20 അപേക്ഷാഫോറവും മാനദണ്ഡങ്ങളും |
| 16 | 21801039/15.03.19 | 6,420 | സ്റ്റാറ്റസ് റിപ്പോർട്ട് 2019-20 |
| 17 | 21801053/19.03.19 | 1,420 | ജെന്റർ പോളിസി ഡോക്യുമെന്റ് |
| | ആകെ | 2,39,152 | |

09/17.03.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ജി.എസ്.ടി ബിൽ ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സംയുക്ത പ്രൊജക്ടുകൾക്കുള്ള ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - മാർഗ്ഗരേഖ പാലിക്കുന്നില്ല

താനാളൂർ ഗ്രാമപഞ്ചായത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭിച്ച ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂൾ പ്രകാരം 31.03.2019 ൽ 37,62,878/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| Contributions for Joint Venture Projects (for Capital Expenditure) – from Block Panchayat | 19,00,164 |
| Contributions for Joint Venture Projects (for Revenue Expenditure) – from Block Panchayat | 10,54,563 |
| Contributions for Joint Venture Projects (for Revenue Expenditure) – from District Panchayat | 7,04,251 |
| Contributions for Other specific purposes (for Revenue Expenditure) – from District Panch | 1,03,900 |
| Total | 37,62,878 |

ജി.ഒ(പി) 07/2017/Fin dated 23.01.2017, 119/2015/fin dated 21.03.2015 എന്നീ ഉത്തരവുകളിൽ സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിച്ചില്ലെങ്കിൽ ആയവ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരിച്ചുനല്കണമെന്ന് വ്യക്തമാക്കുന്നുണ്ട്.

മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/19.03.2020) മറുപടി നല്കിയിട്ടില്ല. സർക്കാർ ഉത്തരവു പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ അവശേഷിക്കുന്ന തുക തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 പി.എച്ച്.സിയിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ;പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ "പി.എച്ച്.സിയിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ" (പ്രൊജക്ട് നമ്പർ 35/18-19) എന്ന പദ്ധതിയുടെ ഭാഗമായി (2 ലക്ഷം രൂപ അടങ്കൽ) ബിൽ നം. 6/18-19 തി. 19.2.19 പ്രകാരം 1,30,900 രൂപയും, ബിൽ നം. 7/18-19 തി 20.3.19 പ്രകാരം 22,678 രൂപയും അടക്കം ആകെ 1,53,578 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. ആയതിൽ നിലവിൽ ഒരു റഫ്രിജറേറ്ററും (മോഡൽ ബി-1; സ്റ്റബിലൈസർ സഹിതം, 22678 രൂപ) മൈക്രോസ്കോപ്പും (ടൈപ്പ് 2-1, 41,003 രൂപ) മാത്രമാണ് ലഭ്യമായിട്ടുള്ളത്. മുൻകൂർ നല്കിയ തുകയിൽ 89,897 രൂപയുടെ ഉപകരണങ്ങൾ കൂടി (സെമി ഓട്ടോ അനലൈസർ-60,605 രൂപ ,സെൻട്രിഫ്യൂജ്-29,292) ലഭ്യമാകാൻ അവശേഷിക്കുന്നു.

16.3.2020 ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുമ്പോൾ പ്രാഥമികമായി ഉറപ്പു വരുത്തേണ്ട കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓാഫീസർ ഉറപ്പു വരുത്തിയിട്ടില്ലെന്നും, സ്ഥാപനത്തിൽ ലാബ് ടെക്നീഷ്യൻ തസ്തിക നിലവിലില്ലെന്നും ഓഡിറ്റിനു ബോധ്യപ്പെട്ടു. പദ്ധതിയുടെ ഭാഗമായി വാങ്ങിയ മൈക്രോസ്കോപ്പ് ഫാർമസിയിൽ സൂക്ഷിച്ചതായും, റഫ്രിജറേറ്റർ സ്ഥാപനത്തിലെ നഴ്സിംഗ് വിഭാഗത്തിലേക്ക് താൽകാലികമായി ഇഷ്യൂ ചെയ്തതായും പരിശോധനയിൽ വ്യക്തമായി. ഇത്തരത്തിൽ ഉപകരണങ്ങളുടെ വാറന്റി സർവ്വീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടമാകത്തക്ക വിധം,അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് മുൻകൂർ ആയി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയതിനു വിശദീകരണം നല്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/16.03.2020 നു മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക 1,53,578രൂപ തടസം ചെയ്യുന്നു. തടസം തീർക്കാൻ ഉചിതമായ നടപടി സ്വീകരിച്ച് ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കാത്ത പക്ഷം ഉപകരണങ്ങളുടെ തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി ചുമത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

# 1-23 പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല

2017-18 വർഷത്തിൽ G.O.(P) No.7/2016/Fin. Dated 20/01/2016പ്രകാരം സ്ഥിരം ജീവനക്കാരുടെ ശമ്പനിർണ്ണയവും G.O.(MS) No.118/2016/തസ്വഭവ.തിയ്യതി 17.08.2016 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള നിർണ്ണയവും ചെയ്ത് നാലു ഗഡുക്കളായി കുടിശ്ശിക തുക നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കുടിശ്ശിക തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 21800079/27.04.18 | 35,024 | സ്മിത വി, സീനി.ക്ലാർക്കിന്റെ ഒന്നും രണ്ടും ഗഡു |
| 2 | 21800080/27.04.18 | 61,034 | ജീവനക്കാരുടെ പി.എഫിൽ അടവാക്കിയ തുക |
| 3 | | | |

| | | | |
|---|---|---|---|
| | 21800081/27.04.18 | 83,967 | ജീവനക്കാരുടെ KPEPFൽ അടവാക്കിയ തുക |
| 4 | 21800148/23.05.18 | 35,475 | രമണി, സെക്രട്ടറിയുടെ മൂന്നാംഗഡു |
| 5 | 21800513/17.10.18 | 34,222 | രമണി, സെക്രട്ടറിയുടെ നാലാം ഗഡു |
| 6 | 21800514/17.10.18 | 1,80,856 | ജീവനക്കാരുടെ നാലാം ഗഡു |

കുടിശ്ശിക തുകകൾ കൈപ്പറ്റുമ്പോൾ അടിസ്ഥാന ശമ്പള വർദ്ധനവിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതുണ്ട്. എന്നാൽ കുടിശ്ശിക തുകകൾക്ക് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല.

പെൻഷൻ അംശദാനം അടവാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 10/17-3-2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 വികസനഫണ്ട് വിനിയോഗം തൃപ്തികരമല്ല

സമയബന്ധിതമായ നിർവഹണത്തിന്റെയും ഫലപ്രദമായ മോണിറ്ററിങ്ങിന്റെയും അഭാവത്താൽ താനാളൂർ ഗ്രാമപഞ്ചായത്തിന് 2018-19 ൽ ലഭിച്ച വികസനഫണ്ടിൽ 1,13,13,274/- തുക ലാപ്സാവാനിടയായിട്ടുണ്ട്.

| ക്രമ നമ്പർ | ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് (ലാപ്സ്) |
|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 18,564,469 | 1,37,40,938 | 48,23,531 |
| 2 | വികസനഫണ്ട് (എസ്.സി.പി) | 27,01,067 | 161,3,134 | 10,87,933 |
| 4 | റോഡ് സംരക്ഷണഗ്രാന്റ് | 71,04,214 | 39,44,428 | 31,59,786 |
| 5 | നോൺറോഡ് സംരക്ഷണഗ്രാന്റ് | 49,14,000 | 49,14,000 | -- |
| 6 | 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 86,12,976 | 63,70,952 | 22,42,024 |
| | ആകെ | | | 1,13,13,274 |

ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ടുന്ന തുക വിനിയോഗിക്കപ്പെടാതെ പോകുന്നതിനിടയാക്കിയ സാഹചര്യം വിശദീകരിക്കപ്പെടേണ്ടതാണ്. 16/19-3-2020 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 ഒരു പ്രവൃത്തിക്കുതന്നെ രണ്ട് തവണ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ്

താനൂർ എം.എൽ.എ യുടെ ആസ്തിവികസനഫണ്ടിൽ ഉൾപ്പെടുത്തി RO വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനായി 17-ാം വാർഡിലെ 258-B നമ്പർ കെട്ടിടത്തിൽ കുടിവെള്ള പദ്ധതിക്കായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി KSEB, താനാളൂരിന്റെ DB/RO water plant water/18-19/TNLR/11.06.18 നമ്പർ താത്കാലിക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നമ്പർ 21800298/17.07.18 പ്രകാരം 16,235/- രൂപയും ഇതേ ആവശ്യത്തിനായി DB/THNR/demand letter/18-19/81/23.07.18 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നമ്പർ 21800316/25.07.18 പ്രകാരം 25,348/- രൂപയും കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നു. അധിക തുക ഡെപ്പോസിറ്റായി കെ.എസ്.ഇ.ബിക്ക് നല്കിയിട്ടുണ്ടെങ്കിൽ തിരിച്ചീടാക്കേണ്ടതാണ്. 11/1711-2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 വിനിയോഗവിവരങ്ങൾ/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | റിമാർക്സ് | ലഭ്യമാവാത്ത വിവരങ്ങൾ |
|---|---|---|---|---|
| 1 | 21800298/17.07.18 | 16,235 | RO Water treatment പ്ലാന്റിനായി 17-ാം വാർഡിലെ 258-B നമ്പർ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി KSEB, താനാളൂരിൽ ഡെപ്പോസിറ്റ് | ധനവിനിയോഗ സാക്ഷ്യപത്രം |
| 2 | 21800316/25.07.18 | 25,348 | -do- | ധനവിനിയോഗ സാക്ഷ്യപത്രം |
| 4 | 21800583/05.11.18 | 35,486 | അയ്യപ്പൻകാവ് കനാൽ നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി KSEB യിൽ ഡെപ്പോസിറ്റ് | -ടി- |
| 5 | 21800692/29.12.18 | 1,28,560 | കുഴൽകിണർ നിർമ്മാണത്തിനായി (Proj.243/19, 136/19, 135/190) GWD യിൽ ഡെപ്പോസിറ്റ് | -ടി= |
| 6 | 21800768/18.01.19 | 21,889 | അംഗനവാടി കെട്ടിടനിർമ്മാണത്തിന് തടസമായി നില്ക്കുന്ന ഇലക്ട്രിക്ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി എ.ഇ, ഇലക്ട്രിക്കൽ സെക്ഷൻ,താനാളൂരിന് നല്കിയത് | ടി |
| 7 | 21800806/01.02.19 | 20,922 | തച്ചൻപരമ്പ് കോളനിയിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി താനാളൂർ കെ.എസ്.ഇ.ബിക്ക് നല്കിയത് | ടി |
| 8 | 21800857/20.02.19 | 6,83,016 | Proj.276/18 പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് | -ടി- |

മേൽ പ്രവൃത്തിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 14/18-3-2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-27 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 138 പദ്ധതികൾ തയ്യാറാക്കിയിരുന്നു. 90 പ്രൊജക്ടുകൾ തൻവർഷം നടപ്പിലാക്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 138 | ആകെ അടങ്കൽ | 5,61,51,418 |
| നടപ്പിലാക്കിയത്<br>(ക്യൂ ബിൽ ഒഴികെ) | 90 | ചെലവ് | 2,63,02,074 |
| ശതമാനം | 65 | ചെലവ് ശതമാനം<br>(ക്യൂ ബിൽ ഒഴികെയുള്ള ചെലവ്) | 47 |

മരാമത്ത് മേഖലയിലെ പ്രൊജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകളും അപാകതകളും കാണുന്നു.

1. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നിരിക്കെ ഗ്രാമ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് അതാത് സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

3 . വ്യാപകമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

എെ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് നിർമ്മാണ /പുനരുദ്ധാരണ പ്രവൃത്തികളിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത

റോഡുകളിലാണ് കോൺക്രീറ്റിംഗ് ആവശ്യമായി വരുന്നത്. ഇക്കാര്യം പരിഗണിക്കാതെ റോഡുകൾ വ്യാപകമായി കോൺക്രീറ്റിഗ് നടത്തുന്നത് മൂലം ഗ്രാമപഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ . മാത്രമല്ല പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടതായും വരുന്നു. ആയതിനാൽ ടാറിംഗ് പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ മാത്രമായി കോൺക്രീറ്റിംഗ് പരിമിതപ്പെടുത്തേണ്ടതാണ്.

4. നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ ബിൽഡിംഗ് ആൻ്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിൻ്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിൻ്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഓഡിറ്റ് വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 2,63,020 രൂപ കുറവ് ചെയ്ത് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതമിനത്തിൽ അടവാക്കിയിട്ടുണ്ട്. ഇതിൻ്റെ 1% കളക്ഷൻ ചാർജായി ഈടാക്കിയിട്ടില്ല.

മേലിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് ക്ഷേമനിധി വിഹിതം അടവാക്കേണ്ടതാണ്.

5. ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ പ്രൊജക്ടുകൾ തയ്യാറാക്കുന്നു.

കെട്ടിട നിർമ്മാണ പ്രൊജക്ടുകളിൽ കെട്ടിടം ഉപയോഗപ്പെടുത്താൻ ആവശ്യമായ എല്ലാ ഇനം പ്രവൃത്തികളും ഉൾപ്പെടുത്താതെ ഫണ്ടിൻ്റെ ലഭ്യതക്കനുസരിച്ച് ഭാഗികമായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നു. ഇത് മൂലം കെട്ടിട നിർമ്മാണ പ്രവൃത്തികൾ വർഷങ്ങളായി പൂർത്തീകരിക്കാതെ കിടക്കുന്നു. ഉദാ- ഹോമിയോ ആശുപത്രി കെട്ടിടം, ബഡ്സ് സ്കൂൾ കെട്ടിടം

ഇപ്രകാരം പ്രൊജക്ടുകൾ തയ്യാറാക്കുന്നത് മാർഗ്ഗ രേഖാ വിരുദ്ധമാണ്. ഫണ്ടിൻ്റെ പരിമിതിയുണ്ടെങ്കിൽ ബഹു വർഷ പ്രൊജക്ടായി നടപ്പാക്കുകയാണ് വേണ്ടത്.

വരും വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിച്ച് പ്രൊജക്ടുകൾ നടപ്പാക്കേണ്ടതാണ്.

6. മാന്വൽ ടെണ്ടറുകളിൽ മൽസരക്ഷമത ഉറപ്പാക്കിയിട്ടില്ല.

ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളിൽ 5 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ മാന്വൽ ടെണ്ടറായും 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ ഇ- ടെണ്ടറായുമാണ് ടെണ്ടറിംഗ് നടത്തിയത്. എന്നാൽ മാന്വൽ ടെണ്ടറിംഗ് നടത്തിയ ഭൂരിഭാഗം ടെണ്ടറുകളിലും മൽസരക്ഷമത ഉറപ്പ് വരുത്തിയിട്ടില്ലെന്ന് ടെണ്ടർ റജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

മേൽ അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ മരാമത്ത് നിർവ്വഹണം നടത്തേണ്ടതാണ്.

# 1-28 ബഡ്സ് സ്ക്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

താനാളൂർ ഗ്രാമ പഞ്ചായത്തിൻ്റെ 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വിഭാവനം ചെയ്തിരുന്ന 21- ാം വാർഡിലെ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രൊജക്ട് 2017-18 ൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയെങ്കിലും തൻവർഷം പൂർത്തീകരിക്കാനായില്ല. 2018-19 വർഷം പ്രവൃത്തി സ്പിൽഓവർ ആയി വരികയും കെട്ടിടത്തിൻ്റെ സ്ട്രക്ച്ചർ പ്രവൃത്തി മാത്രം പൂർത്തീകരിക്കുകയും ചെയ്തു. .വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ- 172/19

കരാറുകാരൻ- ശ്രീ. എൻ. അഭിമന്യു,

എഗ്രിമെന്റ് നമ്പർ- 86/17-18, തി- 31-3-2018

ചെക്ക് നമ്പർ- 384677/ 26-3-2019

ചെലവ് തുക- 691226 രൂപ

5 ലക്ഷം പദ്ധതി വിഹിതവും രണ്ട് ലക്ഷം ബ്ലോക്ക് വിഹിതവും ഉൾപ്പെടെ 7 ലക്ഷം വകയിരുത്തിയ മേൽ പ്രൊജക്ട് പ്രകാരം 6,91,226 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ ഇനം പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. റൂഫ് സ്ലാബ് വരെയുള്ള സ്ട്രക്ചർ വർക്കുകൾ മാത്രം ഉൾപ്പെടുത്തി തയ്യാറാക്കിയ ഭാഗികമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇക്കാരണത്താൽ കെട്ടിടം നാളിതു വരെ പൂർത്തീകരിക്കാനായിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-29 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില (ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യപെടുന്നത്. ഇപ്രകാരം താനാളൂർ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. 2018-19 വർഷത്തിൽ ഇ- ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു..

| പ്രൊജക്ട് | പ്രൊജക്ട് നമ്പർ | അടങ്കൽ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|---|---|
| യുബാലൻ ടി ബാലൻ റോഡ് പുനരുദ്ധാരണം | 117/19 | 678000 | 2 | 1568 | 3136 |
| മീനടത്തൂർ ഗേറ്റ് റോഡ് റീടാറിംഗ് | 102/19 | 500000 | 1 | 1120 | 1120 |
| വട്ടത്താണി റഹ്മത്ത് നഗർ നടപ്പാത പുനരുദ്ധാരണം | 113/19 | 576125 | 1 | 1568 | 1568 |
| അരീക്കാട് കുനിയിൽ പാറപ്പുറം റോഡ് പുനരുദ്ധാരണം | 86/19 | 600000 | 2 | 1344 | 2688 |
| കേലപ്പുറം പുത്തൻതെരു റോഡ് പുനരുദ്ധാരണം | 77/19 | 1000000 | 2 | 1344 | 2688 |
| വട്ടത്താണി താടിപ്പടി റോഡ് | 89/19 | 650000 | 2 | 1456 | 2912 |

| | | | | | |
|---|---|---|---|---|---|
| പുനരുദ്ധാരണം | | | | | |
| മൂത്തേമ്പാട്ട് ആലിൻചുവട് റോഡ്കോൺക്രീറ്റിംഗ് | 115/19 | 756000 | 7 | 1680 | 11760 |
| ദേവദാർ- വട്ടത്താണി ബൈപ്പാസ് റോഡ് ഡ്രൈനേജ് നിർമ്മാണം | 249/19 | 900000 | 1 | 2016 | 2016 |
| ചോലക്കുളം വലിയ ഇടവഴി റോഡ് കോൺക്രീറ്റിംഗ് | 139/19 | 747350 | 5 | 1680 | 8400 |

മേൽ തുകയും 2015-16 വർഷം മുതൽ 2017-18 വരെ ഇ- ടെണ്ടർ നടപടികളിലൂടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-30 കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ -2012 (ജി.ഒ.(പി). 13/ 2012/PWD/ 1-2-2012 ) , ഖ. 2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് |
|---|---|---|---|---|
| 1 | എസ്.എം.യുപി. ശ്രീകൃഷ്ണക്ഷേത്രം റോഡ് ടാറിംഗ് (219/19)<br>കരാറുകാരൻ- ശ്രീ. ഷാഹിർ. പി.വി.<br>ബിൽ നം. 54/19.3.19, തുക 367406<br>PAC-361651 | 30-10-2017 | 31.1.2018<br>(3മാസം) | 28.2.2019 |

| | | | | |
|---|---|---|---|---|
| | അളവ് പുസ്തകം - 99/18<br>കരാർ-25 / 17-18, 30-10-2017<br>TS-4,00,000 | | | |
| 2 | താനാളൂർ പി.എച്ച്.സി റോഡ് റീടാറിംഗ്,(189/19)<br>കരാറുകാരൻ ശ്രീ.ഷാഹിർ. പി.വി.<br>ബിൽ നം. 41/8.2.19, തുക 88755<br>PAC-361651<br>അളവ് പുസ്തകം -213/ 17-18<br>കരാർ-24/ 17-18, 30-10-2017<br>TS- 1,00,000 | 30-10-2017 | 31.1.2018<br>(3മാസം) | 17-12-2018 |
| 3 | ഒ.കെ.പാറ തറയിൽ വി.സിബി. റോഡ് റീടാറിംഗ് (174/19)<br>കരാറുകാരൻ- ശ്രീ. ഷാഹിർ. പി.വി.<br>ബിൽ നം. 40/8.2.19, തുക 28224<br>PAC-57527<br>അളവ് പുസ്തകം -216/ 17-18<br>കരാർ-23/16-17, 1-2-2017<br>TS- 59000 | 1-2-2017 | 1-8-2017<br>(6മാസം) | 20-12-2018 |
| 4 | അവരണി ഇടവഴിറോഡ് റീടാറിംഗ് (220/19)<br>കരാറുകാരൻ- ശ്രീ. ഷാഹിർ. പി.വി.<br>ബിൽ നം. 55/19-3-2019, തുക 199843<br>PAC-180341<br>അളവ് പുസ്തകം -217/ 17-18<br>കരാർ-26/17-18, 30-10-2017 | 30-10-2017 | 31.1.2018<br>(3മാസം) | 20-12-2018 |

| | | | | |
|---|---|---|---|---|
| | TS-200000 | | | |
| 5 | മൂച്ചിക്കൽ ലക്ഷം വീട് കോളനി റോഡ് റീടാറിംഗ് (187/19)<br><br>കരാറുകാരൻ- ശ്രീ. മോഹൻദാസ്.പി.<br><br>ബിൽ നം. 43/1-3-2019, തുക 271299<br><br>PAC-279311<br><br>അളവ് പുസ്തകം -96/ 18<br><br>കരാർ-12/17-18, 25-10-2017<br><br>TS- 313000 | 25-10-2017 | 26.1.2018<br><br>(3മാസം) | 23-1-2019 |
| 6 | കുരിപ്പാടം റെയിൽവേ ലൈൻ റോഡ് നവീകരണം (176/19)<br><br>കരാറുകാരൻ- ശ്രീ. ഷാഹിർ. പി.വി.<br><br>ബിൽ നം. 42/1-3-2019, തുക 219402<br><br>PAC-220063<br><br>അളവ് പുസ്തകം -127/ 17-18<br><br>കരാർ- 52/16-17, 14-2-2017<br><br>TS- 225000 | 14-2-2017 | 15-8-2017<br><br>(6മാസം) | 18-1-2019 |

ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ് . അനധികൃത പ്രവൃത്തികൾക്ക് തുക നൽകിയത് തന്നെ നിയമാനുസൃതമല്ല. കരാറുകാരിൽ നിന്നും അർഹമായ പിഴ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-18/19-3-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കാത്തതിനും പ്രവർത്തികൾക്ക് തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-31 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ റേറ്റ് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുൻ വശത്തും പിറകിലുമായി റൂഫിംഗ് നടത്തിയിട്ടുണ്ട്. റൂഫിംഗിന് വേണ്ടി ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത് . എന്നാൽ ഈ

പ്രവൃത്തികളിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 18.3.20 ന് അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ പ്രകാരം അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|
| മൃഗാശുപത്രി നവീകരണം<br>പ്രോജക്റ്റ് നം -192/19<br>എം. ബുക്ക് - 130/17-18<br>കരാറുകാരൻ- ശ്രീ. വി. ദാമോദരൻ<br>കരാർ - 65/17-18, 23.2.18 (Estimate rate)<br>മൂല്യനിർണ്ണയം - 2,87,011<br>ബിൽ - 29/28-11-2018<br>cost index- 37.25% (DSR 2016) | 10 | 751.83 kg x 137.46/kg = 103346.55<br>(DSR code – 50.10.1) | 751.83 kg x 111.93/kg = 84152.33<br>(DSR code – 50.10.2) | 19194 |

അധികമായി അനുവദിച്ച 19194 രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/ 19-3-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-32 കുണ്ടുങ്ങൽ മൈത്രി കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

താനാളൂർ ഗ്രാമ പഞ്ചായത്തിലെ 22- ാം വാർഡിലെ നിലവിലുള്ള കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് വിഭാവനം ചെയ്ത് 2017-18 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയ കുണ്ടുങ്ങൽ മൈത്രി കുടിവെള്ള പദ്ധതി എന്ന പ്രൊജക്റ്റ് 2018-19 ൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തുകയും (പ്രൊജക്റ്റ് നമ്പർ-200/19 )നിലവിലുള്ള കിണറിലെ ചെളി നീക്കം ചെയ്യുകയും പമ്പിംഗ് മെയിൻ, വിതരണ ലൈൻ എന്നിവ പുനരുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടാങ്കിൽ ടൈൽ പതിക്കുകയും പദ്ധതിക്ക് വേണ്ടി പുതിയ മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി മൊത്തം 16,32,014 രൂപ (ബിൽ നം.67/2018-19 തീയതി 26-03-2019 )പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്. മോട്ടോർ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുമായി എസ്റ്റിമേറ്റിൽ ഒരു ലക്ഷം രൂപ ലംപ്സം ആയി

ഉൾപ്പെടുത്തിയിരുന്നു. ഓഡിറ്റിന്റെ ഭാഗമായി 18-3-2020 ന് 10.30 ന് ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ, ശ്രീ. മഹേഷ് .ഒ. യുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ പദ്ധതിക്ക് നാളിതു വരെ വൈദ്യതി കണക്ഷൻ ലഭ്യമായിട്ടില്ലെന്ന് കാണപ്പെട്ടു. ത്രീഫൈസ് കണക്ഷൻ ലഭ്യമാകാത്തതിനാൽ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ലെന്ന് ബോധ്യമായി.

കുടിവെള്ള പദ്ധതി എത്രയും വേഗം പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 20/ 19-3-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-33 നികുതി തുകകൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തു. ഗുണഭോക്തൃ സമിതി കൺ വീനർക്ക് അധിക തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ,

2014- DSR പ്രകാരം 36.19% cost Index ഉൾപ്പെടുത്തി തയ്യാറാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. ആയതിനാൽ ആകെ പ്രവൃത്തി മൂല്യത്തിനോട് കൂടി വീണ്ടും നികുതികൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്യേണ്ടതില്ല. എന്നാൽ ടി- പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തപ്പോൾ 3% നികുതി കൂടി കൂട്ടി മൂല്യ നിർണ്ണയം ചെയ്ത് കൺവീനർക്ക് അധിക തുക നൽകിയിട്ടുണ്ട്. മാത്രമല്ല ഗുണഭോക്തൃ കൺവീനർമാർ GST അടയ്ക്കേണ്ട സാഹചര്യം ഇല്ലാത്തതിനാൽ തത്സമയം നിലവിലുണ്ടായിരുന്ന വാറ്റ് അടവാക്കാനായി ഓവർ ഹെഡ് ചാർജിൽ ഉൾപ്പെടുത്തിയ 5 ശതമാനം തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയറുടെ ഡിബി3 -9058/17/CE/തസ്വഭവ തിയതി 16.03.2018 കത്തിൽ നിർദ്ദേശിച്ചതാണ്. എന്നാൽ വാറ്റ് അടവാക്കാനായി വകയിരുത്തിയ ഓവർ ഹെഡ് ചാർജ് തിരിച്ച് പിടിച്ചിട്ടുമില്ല.

(വിശദ വിവരം ഖണ്ഡിക- 3-1 കാണുക)

## 1-34 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതിക്ക് (പദ്ധതി നം. 18/18-19) കീഴിൽ 2018-19 വർഷത്തിൽ 55 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഇതിൽ 54 ഭവന നിർമ്മാണങ്ങൾ പൂർത്തിയായിട്ടുണ്ട്. ശ്രീ മുഹമ്മദ് കുട്ടി (ലൈഫ് രജിസ്റ്ററിലെ ക്രമ നം. 44) എന്നവരുടെ ഭവന നിർമ്മാണം നിലവിൽ ലിന്റൽ വരെയെ ആയിട്ടുള്ളൂ. ടി ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ബാക്കിയുള്ള തുകയായ 1,00,000/- രൂപ കൈമാറേണ്ടതുമാണ്.22/20-03-2020നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 എയ്ഡഡ് സ്ക്കൂളുകളിൽ ശൌചാലയ നിർമ്മാണം- സർക്കാർ സ്ക്കൂളുകളിൽ സൌകര്യം ഉറപ്പാക്കിയിട്ടില്ല.

ന ിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ,

എയ്ഡഡ് സ്കൂളുകളിൽ ശൌചാലയങ്ങൾ നിർമ്മിക്കുന്നതിന് 13,25,000 രൂപ വകയിരുത്തി ഗ്രാമ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുകയും ചുവടെ കൊടുത്തിട്ടുള്ള വിധം 12,82,501 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേർ | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|---|
| 195/19 | പുതുകളങ്ങര എൽ.പി.സ്കൂളിന് ശൌചാലയ നിർമ്മാണം | 200000 | 1,91,531 | ബിൽ നമ്പർ-21/14-11-2018<br>100000രൂപ<br>ചെക്ക് നമ്പർ-5219634/ 24-11-2018<br>91531 രൂപ |
| 196/19 | പകര എൽ.പി.സ്കൂളിന് ശൌചാലയ നിർമ്മാണം | 225000 | 2,25000 | ബിൽ നമ്പർ-26/14-11-2018<br>100000രൂപ<br>ചെക്ക് നമ്പർ-5219634/ 24-11-2018<br>100000 രൂപ<br>ചെക്ക് നമ്പർ-2063283/ 24-11-2018<br>25000 രൂപ |
| 197/19 | തറയിൽ എൽ.പി.സ്കൂളിന് ശൌചാലയ നിർമ്മാണം | 400000 | 383196 | ബിൽ നമ്പർ-28/14-11-2018<br>300000രൂപ<br>ചെക്ക് നമ്പർ-5219637/ 11-1-2019<br>83196 രൂപ |
| 198/19 | എസ്.എം.യു.പി.സ്കൂളിന് ശൌചാലയ നിർമ്മാണം | 400000 | 387969 | ബിൽ നമ്പർ-36/7-1-2019<br>300000രൂപ<br>ചെക്ക് നമ്പർ-5219637/ 11-1-2019<br>87969രൂപ |
| 224/19 | പട്ടരുപറമ്പ് നായനാർ | 100000 | 94805 | ബിൽ നമ്പർ- |

| | | | | |
|---|---|---|---|---|
| | മെമ്മോറിയൽ സ്കൂൾ ശൌചാലയ നിർമ്മാണം | | | 20/14-11-2018<br>94805രൂപ |
| | ആകെ | 1325000 | 12,82,501 | |

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും യൂറിനലുകളും ടോയ്ലറ്റും നിശ്ചിത സ്റ്റാൻഡേർഡിലും ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും വെവ്വേറെയും അവരുടെ എണ്ണത്തിനനുസൃതമായും( 40 പെൺകുട്ടികൾക്ക് 1 യൂറിനൽ, 80 ആൺകുട്ടികൾക്ക് 1 യൂറിനൽ) അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ സ്കൂളിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതായി സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് എയ്ഡഡ് സ്കൂളുകളിൽ സൌകര്യമേർപ്പെടുത്തിയിട്ടുള്ളത്.

2. എയ്ഡഡ് സ്കൂളുകളിൽ നിർമാണ പ്രവർത്തനം നടത്തുന്നതിന് സ്കൂൾ മാനേജർ/ മാനേജിംഗ് കമ്മിറ്റിയുടെ രേഖാമൂലമുള്ള അപേക്ഷയോ സമ്മതമോ ലഭ്യമാക്കിയിട്ടില്ല.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 26/20-3-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല) മറുപടിയുടേയും രേഖകളുടെയും അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 നികുതി തുകകൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തു. ഗുണഭോക്തൃ സമിതി കൺ വീനർക്ക് അധിക തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ,

2014- DSR പ്രകാരം 36.19% cost Index ഉൾപ്പെടുത്തി തയ്യാറാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. ആയതിനാൽ ആകെ പ്രവൃത്തി മൂല്യത്തിനോട് കൂടി വീണ്ടും നികുതികൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്യേണ്ടതില്ല. എന്നാൽ ടി- പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തപ്പോൾ 3% നികുതി കൂടി കൂട്ടി മൂല്യ നിർണ്ണയം ചെയ്ത് കൺവീനർക്ക് അധിക തുക നൽകിയിട്ടുണ്ട്. മാത്രമല്ല ഗുണഭോക്തൃ കൺവീനർമാർ GST അടയ്ക്കേണ്ട സാഹചര്യം ഇല്ലാത്തതിനാൽ തത്സമയം നിലവിലുണ്ടായിരുന്ന വാറ്റ് അടവാക്കാനായി ഓവർ ഹെഡ് ചാർജിൽ ഉൾപ്പെടുത്തിയ 5 ശതമാനം തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയറുടെ ഡിബി3

-9058/17/CE/തസ്വഭവ തിയതി 16.03.2018 കത്തിൽ നിർദ്ദേശിച്ചതാണ്. എന്നാൽ വാറ്റ് അടവാക്കാനായി വകയിരുത്തിയ ഓവർ ഹെഡ് ചാർജ് കുറവ് ചെയ്യാതെയുമാണ് തുക നൽകിയത്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേരും വിശദാംശങ്ങളും | പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത തുക | കൺവീനർക്ക് നൽകിയ തുക | കൺവീനർക്ക് നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചുങ്കം പെരുമണൽ റോഡ് റീടാറിംഗ്<br>പ്രൊജക്ട് നമ്പർ- 177/19<br>കൺവീനർ- ശ്രീ. അബ്ദുറഹ്മാൻ. ഒ.പി.<br>TS- 350000<br>എഗ്രിമെന്റ് നമ്പർ -67/ 16-17,<br>തി- 8-3-2017.<br>എം. ബുക്ക് നമ്പർ-79/17-18, 88/17-18,<br>ബിൽ നമ്പർ- 5/31-5-2018 | ആകെ പ്രവൃത്തി മൂല്യം= 329953<br>(+) 3%= 9899<br>= 339852 | 339852<br>(-) cost of bituminn<br>120810<br>(-) IT- 4381<br>(-) WF- 2190<br>= 212471 | 329953<br>(-) cost of bituminn<br>120810<br>(-) IT- 4183<br>(-) WF- 2091<br>(-)5%-10457<br>= 192412 | 20059 |

അധികം നൽകിയ 20059 രൂപ തെറ്റായി മൂല്യ നിർണ്ണയം ചെയ്ത അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 19/19-3-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-2 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ റേറ്റ് നൽകി

**നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ**

ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുൻ വശത്തും

പിറകിലുമായി റൂഫിംഗ് നടത്തിയിട്ടുണ്ട്. റൂഫിംഗിന് വേണ്ടി ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത് . എന്നാൽ ഈ പ്രവൃത്തികളിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 18.3.20 ന് അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|
| മൃഗാശുപത്രി നവീകരണം<br>പ്രോജക്റ്റ് നം -192/19<br>എം. ബുക്ക് - 130/17-18<br>കരാറുകാരൻ- ശ്രീ. വി. ദാമോദരൻ<br>കരാർ - 65/17-18, 23.2.18 (Estimate rate)<br>മൂല്യനിർണ്ണയം - 2,87,011<br>ബിൽ - 29/28-11-2018 | 10 | 751.83 kg x 137.46/kg = **103346.55**<br>(DSR code – 50.10.1) | 751.83 kg x 111.93/kg = **84152.33**<br>(DSR code – 50.10.2) | **19194** |

അധികമായി അനുവദിച്ച 19194 രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ **ഓഡിറ്റ് എൻക്വയറി നമ്പർ-17/ 19-3-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)**

## <u>ഭാഗം -4</u>

## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| | തീയതി | |
| 2018-19 | 06.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ എം.പി.എം22/709/2019 തിയതി 26.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| താനൂർ ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | 246/19പകര ജുമാമസ്ജിദ് റോഡ് | 1,50,000 | |
| | 2,50,000 | 248/19പാറേക്കുളം വലിയപാടം റോഡ് | 2,50,000 | |
| | 4,00,000 | 249/19ദേവദാർ വട്ടത്താണി റോഡ് | 4,00,000 | |
| | 25,00,000 | 18/19ലൈഫ് ഭവനപദ്ധതി | 25,00,000 | |
| | 1,00,000 | 22/19പൂരകപോഷകാഹാഹാരം | 1,00,000 | |
| | 2,00,000 | 05/19സ്കോളർഷിപ്പ് | 1,84,400 | 15,600 |
| | 2,00,000 | 34/19പരിരക്ഷ പദ്ധതി | 2,00,000 | |
| | 1,70,000 | 62/19നെൽകൃഷി കൂലിചെലവ് | 1,70,000 | |
| | 1,00,000 | 51/19പച്ചക്കറികൃഷി വനിത | 1,00,000 | |
| ആകെ | 40,70,000 | | 40,54,400 | 15,600 |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 2,46,100 | 05/19സ്കോളർഷിപ്പ് | 2,46,100 | |
| | 13,85,390 | 18/19ലൈഫ് പദ്ധതി | 13,85,390 | |
| ആകെ | 16,31,490 | | 16,31,490 | |

<u>നോട്ട്:</u> ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ച തുക ആർ.പി സ്റ്റേറ്റ്മെന്റിൽ കാണുന്നതിനേക്കാൾ 800 രൂപ കുറവാണ്. അധികമായി പിൻവലിച്ച 800 രൂപ ഹെഡ്മാസ്റ്റർ അതേ ഹെഡിൽ തിരിച്ചടച്ചതുകാരണമാണ് 800 രൂപ അധികം വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ വരവ് വന്ന തുകയാണ് ഇവിടെ ചേർത്തിരിക്കുന്നത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | RO Water treatment പ്ലാന്റിനായി 17-ാം വാർഡിലെ 258-B നമ്പർ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് | 21800298/ 17.07.18 | 16,235 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 16235 |
| | -do- | 21800316/ 25.07.18 | 25,348 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 25348 |
| KSEB | അയ്യപ്പൻകാവ് കനാൽ നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് | 21800583/ 05.11.18 | 35,486 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 35486 |
| GWD | കുഴൽകിണർ നിർമ്മാണത്തിനായി (Proj.243/19, 136/19, 135/190) | 21800692/ 29.12.18 | 1,28,560 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 128560 |
| KSEB | അംഗനവാടി കെട്ടിടനിർമ്മാണത്തിന് തടസമായി നില്ക്കുന്ന ഇലക്ട്രിക്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് | 21800768/ 18.01.19 | 21,889 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 21886 |
| KSEB | തച്ചൻപറമ്പ് കോളനിയിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് | 21800806/ 01.02.19 | 20,922 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 20922 |
| KSEB | Proj.276/18 പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് | 21800857/ 20.02.19 | 6,83,016 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 683016 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ലൈഫ് ഭവന പദ്ധതി | 151/2017 | 62,76,150 | 62,76,150 | 0 | 0 | 62,76,150 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 35,56,912 |
| തൻവർഷം നിക്ഷേപിച്ച തുക | 35,00,000 |
| ആകെ | 70,56,912 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 70,56,912 |

<u>2017-18 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>

| നിക്ഷപത്തിന്റെ വിവരം | തുക | രശീതിനമ്പർ |
|---|---|---|
| സർവീസ് സഹകരണ ബാങ്ക്, ഒഴൂർ | 17,78,456 | 5530/02.04.2016 |
| -ടി- | 17,78,456 | 5531/02.04.2016 |
| -ടി- | 25,00,000 | 20140008636/25.07.2018 |
| സർവീസ് സഹകരണ ബാങ്ക്, താനാളൂർ | 10,00,000 | 1001013146/04.09.2018 |
| ആകെ | 70,56,912 | |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 1992-93 to 1994-95 | 07 | 178 | ശ്രീ.അബ്ദുറഹിമാൻ | 118100100300/12.04.18 |
| -do- | 8A | 20 | ശ്രീ രാമദാസ് | 118100100301/12.04.18 |
| -do- | 8A | 75 | ശ്രീമതി ജാസ്മിൻ | 118100100302/12.04.18 |
| -do- | 8A | 75 | ശ്രീ അമീർ അഹമ്മദ് | 118100100303/12.04.18 |
| -do- | 8A | 45 | ശ്രീ എം നാരായണൻ | 118100100304/12.04.18 |

| | | | | |
|---|---|---|---|---|
| -do- | 8A | 45 | ശ്രീമതി വി.കെ നിഷ | 118100100305/12.04.18 |
| 1991-92 | 23 | 442 | ശ്രീ എ.സി കുഞ്ഞിബാവ | 118100100306/12.04.18 |
| -do- | 24 | 520 | ശ്രീ പി.സെയ്തലവി | 118100100307/12.04.18 |
| -do- | 25 | 2700 | ശ്രീ കുഞ്ഞുമുഹമ്മദ് | 118100100308/12.04.18 |
| -do- | 27 | 1256 | ശ്രീ കോയക്കുട്ടി എന്ന കുഞ്ഞപ്പു | 118100100309/12.04.18 |
| -do- | 30(4) | 667 | ശ്രീ കുമാരൻ | 118100100310/12.04.18 |
| 2016-17 | 2(3) | 2,500 | ഷോപ്പ് മാനേജർ, മാവേലിസ്റ്റോർ | 118100103490/25.07.18 |
| 2017-18 | 2(3) | 2,500 | മാനേജർ, നെല്ലിക്കൽ ഓഡിറ്റോറിയം | 118100113579/19.03.19 |
| -do- | 2(3) | 1,250 | അസി.എഞ്ചിനീയർ,കെ.എസ്.ഇ.ബി, താനാളൂർ | 118100113775/22.03.19 |
| -do- | 2(3) | 1,250 | -ടി- | 118100113776/22.03.19 |
| -do- | 2(3) | 2,500 | മാനേജർ, അറേബ്യൻ പ്ലാസ ഓഡിറ്റോറിയം | 118100114133/27.03.19 |
| -do- | 3(4) | 16981 | ശ്രീ സിറാജുദ്ദീൻ | 118100109961/11.01.19 |
| -do- | 3(4) | 11120 | ശ്രീമത് സൽമാബി | 118100109907/04.01.19 |
| -do- | 3(4) | 15712 | ശ്രീ ഇസ്ഹാഖ് | 118100109929/05.01.19 |
| -do- | 3(4) | 17447 | ശ്രീ അബ്ദുൾഗഫൂർ വി.പി | 118100109903/04.01.19 |
| -do- | 3(4) | 5075 | ശ്രീമതി സാഹിറ | 118100109904/04.01.19 |
| -do- | 3(4) | 11230 | ശ്രീ ബഷീർ | 118100109934/07.01.19 |
| -do- | 3(4) | 5600 | ശ്രീ അനീഷ് എം.പി | 118100109935/07.01.19 |
| -do- | 3(4) | 9672 | ശ്രീ ഷൺമുഖൻ | 118100109940/07.01.19 |
| -do- | 3(4) | 1750 | ശ്രീ അബ്ദുൾ സമദ്, കൺവീനർ | 118100109936/07.01.19 |
| -do- | 3(4) | 4307 | ശ്രീ മുജീബ് | 118100109905/04.01.19 |
| -do- | 3(4) | 7504 | ശ്രീമതി ദേവകി ടി.പി | 118100109906/04.01.19 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | വർഷം | | | |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | പൊതുപരാമർശങ്ങൾ | പൂർത്തീകരിക്കാത്ത പ്രവർത്തികൾ (75000/-) | നടപടി തുടരുന്നു |
| 1998-99 | 32 | 2003-04 | “ | റീ ടെണ്ടർ നഷ്ടം (24459) | നടപടി തുടരുന്നു |
| 2000-01 | 37 | 2003-04 | “ | വീട് മേൽക്കൂര നിർമാമാണം (61200) | നടപടി തുടരുന്നു |
| 2008-09 | - | 2011-12 | “ | കൃഷി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(2) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | “ |
| 2015-16 | 2(5) | 2016-17 | “ | “ | “ |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2009-10, | 10-11 | ഗോവിന്ദൻസി.പി, വി.ഇ.ഒ | LF12216/spl.cell/sc/D1/12 08.12.15 | 1,41,010 | -- | 07.12.15ന് ട്രഷറിയിൽ ഒടുക്കി |
| 2 | -do- | 3-10 | മിനിമോൾ കൃഷി ഓഫീസർ | -do- | 35,000 | 35,000 | ലഭ്യമല്ല |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,90,71,694 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,53,73,481 |
| വരവിനങ്ങളിലെ നഷ്ടം | -- |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,253 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 27,46,843 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 20,059 | ശ്രീ. മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 19,194 | |
| ആകെ | | 39,253 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,32,886 | ഡോ.കൃഷ്ണപ്രസാദ് ടി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-19 | 4,00,000 | |
| 1-26 | 9,31,456 | ശ്രീമതി രമണി എം, സെക്രട്ടറി |
| 1-35 | 12,82,501 | ശ്രീ. മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 27,46,843 | |

ഡി) കേന്ദ്ര സംസ്ഥാ സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും |
|---|---|---|
| 3-1 | 9,899 | ശ്രീ. മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ, ഊട്ടിൽ ഹൗസ്, തൃക്കണ്ടിയൂർ പി.ഒ, തിരൂർ-676104 |
| 3-2 | 19,194 | |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.എം.7/1739/94 തി.07.10.2010 | 10 |
| 1992-93, 1993-94, 1994-95 | എൽ.എഫ്.എം.15/573/03 തി.07.10.2010 | 05 |
| 1995-96 | എൽ.എഫ്.എം.15/1290/01 തി.07.10.2010 | 18 |
| 1996-97 | എൽ.എഫ്.എം.15/1482/03 തി.07.10.2010 | 21 |
| 1997-98 | എൽ.എഫ്.എം.15/1300/01 തി.07.10.2010 | 04 |
| 1998-99 | എൽ.എഫ്.എം.15/227/02 തി.07.10.2010 | 21 |
| 1999-00 | എൽ.എഫ്.എം.15/617/02 തി.07.10.2010 | 11 |
| 2000-01 | എൽ.എഫ്.എം.15/967/10 തി.07.10.2010 | 06 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.15/247/06 തി.07.10.2010 | 12 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.എം.15/2189/09 തി.07.10.2010 | 02 |
| 2004-05 | എൽ.എഫ്.എം.15/2171/09തി.07.10.2010 | 06 |
| 2005-06 | എൽ.എഫ്.എം.15/2089/11 തി.22.03.2012 | 09 |
| 2006-07 | എൽ.എഫ്.എം.15/2090/11 തി.19.03.2012 | 06 |
| 2007-08 | എൽ.എഫ്.എം.15/646/12 തി.21.05.2012 | 12 |
| 2008-09, | എൽ.എഫ്.എം.15/647/12 തി.25.04.2012 | 22 |
| 2009-10, 2010-11 | എൽ.എഫ്.എം.15/2374/13 തി.12.12.2013 | 20 |
| 2011-12, 2012-13 | എൽ.എഫ്.എം.15/42/16 തി.02.02.2016 | 25 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം. 15/2064/16 തി. 9-8-16 | 11 |
| 2015-16 | കെ.എസ്.എ. എം.പി.എം. 15/ 15/2017, തി-3-2-2017 | 18 |
| 2016-17 | കെസ്.എ എം.പി.എം.എ22/2017/2017 20.09.2017 | 26 |
| 2017-18 | കെ.എസ്.എ എം.പി.എം22/51/2019 തിയതി 11.02.2019 | 16 |

ഡെപ്യൂട്ടി ഡയറക്ടർ( ഹയർ ഗ്രേഡ്)

## I ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.എം.പി.എം.22/709/2019

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം
തീയതി 26-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)